പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4191 — 16.03.2017 ന് മറുപടിയ്ക്ക്.

**ചാലക്കുടി ജനറൽ ഐ. ടി.ഐ.**

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ജനറൽ ഐ.ടി.ഐ യിൽ എം.എം.വി വർക്ക് ഷോപ്പ്, ലൈബ്രറി ഓഡിറ്റോറിയം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആൺകുട്ടികളുടെ ജീർണ്ണാവസ്ഥയിലുള്ള ഹോസ്റ്റൽ പുതുക്കി പണിയുന്നതിനും പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ജീവനക്കാർക്കായി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; | (എ) ചാലക്കുടി ഐ.ടി.ഐ.യിൽ എം.എം.വി. ട്രേഡിന്റെ ഗ്യാരേജ് നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിരുന്നു. കൂടാതെ എം.എം.വി. വർക്ക്ഷോപ്പ് നവീകരണത്തിനും ഓഡിറ്റോറിയം നിർമ്മാണത്തിനുമുള്ള പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾക്കുള്ള അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ചാലക്കുടി ജനറൽ ഐ.ടി.ഐ യിൽ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (ബി) ഈ സാമ്പത്തിക വർഷം ഐ.ടി.ഐ.യിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായും ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിനുവേണ്ടിയും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ. യെ-യും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) – ന്റെ അംഗീകാരം ലഭിക്കുന്നതിന് വിശദമായി പദ്ധതി റിപ്പോർട്ട് പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) – ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കിവരുന്നു. ചാലക്കുടി ഐ.ടി.ഐ.യിലെ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സ്കിൽ ബേസിക് മോഡ്യൂളിനു പകരമായി മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ് അഡീഷണൽ യൂണിറ്റും പി.എൽ.സി. & ഓട്ടോമൊബൈൽ ട്രേഡിനു പകരമായി മെക്കാനിക്ക് ഓട്ടോബോഡി പെയിന്റിംഗ് ട്രേഡും അഡ്വാൻസ്ഡ് വെൽഡർ ട്രേഡിനുപകരമായി വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ) ട്രേഡും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ